
# ജ്വാല




## സെന്റ് മേരീസ് എച്ച് എസ് എസ് തീക്കോയി

# ആമുഖം

തീക്കോയി ഗ്രാമത്തിന് അക്ഷരവിശുദ്ധിയുടെ ഉജ്ജ്വലശോഭ പ്രദാനം ചെയ്യുന്ന സരസ്വതീക്ഷേത്രമാണ് സെന്റ് മേരിസ് ഹയർ സെക്കണ്ടറി സ്കൂൾ .സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്' എന്ന കുട്ടികളുടെ ഐ.റ്റി. കൂട്ടായ്മ ഇവിടെ പ്രവർത്തിച്ചു വരുന്നു. ലിറ്റിൽ കൈറ്റ് അംഗങ്ങൾ പരിശീലന കാലയളവിൽ കടന്നുപോയ മലയാളം കമ്പ്യൂട്ടിങ് മോഡ്യൂളിന്റെ തുടർപ്രവർത്തന ഭാഗമായി അവരുടെ രചനകൾ ഉൾകൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ ഡിജിറ്റൽ മാഗസിൻ. നിങ്ങൾ ചിറകുകളോടെ ജനിച്ചവരാണ്, അതിനാൽ ഇഴയരുത്, ചിറകുകൾ വിടർത്തി പറക്കാൻ പഠിക്കുക എന്ന മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിൻെറ വാക്കുകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് ഈ പ്രവർത്തനം പൂർത്തിയാക്കിയത്.നൂതനസാങ്കേതികവിദ്യാലോകത്തേക്ക് ഞങ്ങളെ കൈപിടിച്ചുയർത്തിയ ഈ സംരംഭം അഭിമാനപൂർവ്വം സമർപ്പിക്കുന്നു.



## ഉള്ളറകളിൽ

ദേശീയ മുദ്ര.....5
എന്റെ ഗ്രാമം.....9
മഹദ് വചനങ്ങൾ.....12
മാർക്കോണി.....14
മടിയൻ മല ചുമക്കും.....15
ഒ എൻ വി കുറുപ്പ്.....19
കൊലയാളിത്തിമിംഗലം.....20
മണ്ടർനാട്ടിലെ തിരുമണ്ടൻമാർ.....21
മലയാളം.....23
വാ വാ നിലാവേ.....26
.....26
തുള്ളൽ.....27
ശാസ്ത്ര ക്വിസ്.....32
നിശാഗന്ധി.....34
ഫോണിന് അടിമയായാൽ.....35
ക്ഷമയുടെ വില.....36
ഐ ടി ക്വിസ്.....39
കാട്ടിലെ കാർണിവൽ.....41
പൂമ്പാറ്റകളുടെ റാണി.....43
പഴഞ്ചൊൽ പച്ചക്കറി.....45
വളഞ്ഞ കൊമ്പിൻ അറ്റത്ത്.....48
ടീച്ചറമ്മ.....49
ടോമും ജെറിയും.....51
വില്ലനാവുന്ന സെൽഫോൺ.....52
പൂവ്.....54
പൊതുവിജ്ഞാനം.....56
കണ്ടറിവിൽ നിന്നൊരു ചോദ്യം.....57
പാവക്കുത്ത്.....61
ഓമനയുടെ ഓണം.....62
ചടപട കുട്ടുകടെ.....64
സന്യാസിയും മുന്തിരിപ്പഴവും.....65

ഇന്നലെ.....67
മാർച്ച് മാസത്തെ പ്രധാന ദിവസങ്ങൾ.....68
ലൈബ്രറി.....71
ഇഷ്ടം.....74
പുളിക്കാത്ത മുന്തിരി.....76
കേരളീയ കലകൾ.....78
ഓടക്കുഴലിന്റെ സന്തോഷം.....80
ബഹിരാകാശത്തിലെ.....81
രക്തസാക്ഷി.....81
ബഹിരാകാശം.....90
തീയാട്ട്.....95
മുതലയും കുറുക്കനും.....97
കുഞ്ഞുണ്ണിമാഷ്.....99
എഴുത്തച്ഛൻ.....100
നിഴലിനാശ.....101

# ദേശീയ മുദ്ര




ശ്രീബുദ്ധൻ ആദ്യമായി സാരോപദേശം നൽകിയ സാരാനാഥിൽഅശോകചക്രവർത്തി സ്തൂപത്തിൽനിന്ന് പകർത്തിയതാണ് ഇന്ത്യയുടെ ദേശീയമുദ്ര. ധർമ്മചക്രം പതിച്ച പീഠത്തിൽ ഒന്നിനോടോന്നു പുറംതിരിഞ്ഞു നിൽക്കുന്ന നാലു സിംഹങ്ങളെ ദേശീയ മുദ്രയിൽ കാണുന്നു. നാലാമത്തെ സിംഹം ദൃശ്യമല്ല.

പീഠമധ്യത്തിലുള്ള ധർമ്മചക്രത്തിന്റെ വലത്ത് കാളയുടെയും ഇടത്ത് കുതിരയുടെയും രൂപങ്ങൾ കാണാം. ചിഹ്നത്തിന്റെ ചുവട്ടിലായി സത്യമേവ ജയതേ എന്ന് ദേവനാഗിരി ലിപിയിൽ എഴുതിയിരിക്കുന്നു.

സോജാ ബാബു

# അറിവ്



ചെങ്ങന്നൂരിൽ താമസമായ ഒരു സുഹൃത്ത് പറഞ്ഞ കഥ. പ്രളയം വന്നപ്പോൾ കുടുംബത്തോടെ വീടു വിട്ടു പോയി. തിരിച്ചെത്തുംനേരം തൊടിയിലെ പൂവരശ്ശുമരത്തിൽ നിറയെ പാമ്പുകൾ! വെള്ളം അപ്പോഴും കുറച്ചുകൂടി ഒഴിയാനുണ്ടായിരുന്നു.

വടിയും കുന്തവുമായി പാമ്പുകളെ ഓടിക്കാൻ എല്ലാവരുംകൂടി ഒരുങ്ങുംന്നേരം അമ്മച്ചി തടുത്തു.വെള്ളമിറങ്ങിയാൽ താനേ പോവും. പിറ്റേന്നാൾ രാവിലെ കണ്ടത് വെള്ളമിറങ്ങിപോയ മുറ്റത്ത് പാമ്പുകളിഴഞ്ഞ

പാട്ടുകൾ.അപ്പോൾ അവിടെ കുറേ പാമ്പുകളെ കണ്ടു.അവ ഉപദ്രവകാരികളാണെന്ന് അവർ പറഞ്ഞു.അന്നേരം എവിടെനിന്നോ ഓടിവന്ന അമ്മച്ചി അവരെ ശകാരിച്ചു.ചില പാമ്പുകൾ മനുഷ്യരെ ഉപദ്രവിക്കില്ലെന്നും അവ ദൈവത്തിന്റെ അനുയായികളാണെന്നും അവരെ ഉപദ്രവിച്ചാലാണ് തിരിച്ചുപദ്രവിക്കുകയെന്നും ബോധ്യപ്പെടുത്തി.അവ മനുഷ്യരെപ്പോലെ ഉപദ്രവിക്കാറില്ലെന്നും പറഞ്ഞു.

അഞ്ജന വിജയൻ

# എന്റെ ഗ്രാമം

കാത്തിരിക്കുന്നു ഞാൻ ആ നല്ല നാളിന്റെ

ആഗമനത്തിനായി

ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ

കാത്തിരിക്കുന്നു ഞാൻ ഏകനായി

ഓർക്കുന്നു ഞാനീ മരുഭൂമിയിൽ നിന്ന്

ദൈവ നാടിന്റെ ആ ഗ്രാമഭംഗി ഓർക്കാതിരിക്കാൻ

കഴിയില്ലെനിക്കിന്ന്

വിരഹദുഖത്തിന്റെ വേദനയിൽ

മകരമാസത്തിന്റെ  മഞ്ഞിൽ വിരിയുന്ന

പൂക്കളെ കാണുവാനെന്തു ഭംഗി

കലപില ശബ്ദമായ് നിദ്രയുണർത്തുന്ന

കിളികളെ കാണുവാനെന്തുഭംഗി

കുന്നും മലകളും പാടങ്ങളുമുള്ള ഒരു കൊച്ചു

ഗ്രാമമാണെന്റെ ഗ്രാമം

ജ്വാല

ടാറിട്ട റോഡില്ല വൈദ്യുതിയുമില്ല

ഓലയാൽ മേഞ്ഞുള്ള കുരകളും

നിദ്രയുണർന്ന ഞാൻ നേരേനടന്നല്ലോ

ആ കൊച്ചു പാടവരമ്പിലൂടെ മകരമാസത്തിന്റെ

മഞ്ഞിൻകണങ്ങളെ

മുത്തുപോൽ തഴുകിയ പുല്ലിലൂടെ

ഞാറുപറിക്കുന്ന പെണ്ണുങ്ങളുണ്ടെന്ന്

ഉഴുതു മറിക്കുന്നൊരാണുങ്ങളും കർഷക

പാട്ടിന്റെ ആ നല്ല വരികൾ എന്റെ മനസ്സിനെ

തൊട്ടുണർത്തി

വിദ്യാലയങ്ങൾക്കവധിയാകുമ്പോൾ

കുട്ടികൾ തെരുവിൽ നിറഞ്ഞിരിക്കുന്നു

ബാലികാ ബാലൻമാർ ഒന്നായി നിരന്നു

ഗ്രാമത്തിനൈശ്വര്യം പോലെ

മീൻപിടിച്ചതും തുമ്പിപിടിച്ചതും

ചെളിയിൽ കളിച്ചതും ഓർമ്മതന്നെ
പുളിയും മാങ്ങയും പങ്കിട്ടുതിന്നതും
ബാല്യകാലത്തിന്റെ സ്മരണതന്നെ
കുന്നിലെ മരമില്ല പാടങ്ങളില്ലിന്ന്
ഉഴുതുമറിയില്ല പാട്ടുമില്ല
ഗ്രാമത്തിനൈശ്വര്യദീപമായ് നിന്ന
ബാലികാബാലന്മാർ എങ്ങുമില്ല
കാലികൾ നിൽക്കും തൊഴുത്തുകൾ
പോലുമിന്നോലയാൽ എങ്ങും അശേഷമില്ല
കർഷക പാട്ടില്ല കർഷകരുമില്ല   എന്തൊരു ദുർവിധി

ലോകനാഥാ...

അർച്ചന ഷാജി

# മഹദ് വചനങ്ങൾ

1.ദൈവികമായ  ഒരു തീപ്പൊരിയുമായാണ് നാം ഓരോരുത്തരും ജനിക്കുന്നത്.ഈ തീപ്പൊരിയെ ഒരു ജ്വാലയാക്കുകയും അതിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയുമാണ് നാം ഓരോരുത്തരുംചെയ്യേണ്ടത്.

–എ.പി.ജെ അബ്ദുൾകലാം

2.ധീരന്മാർ കൊടുമുടികയറുമ്പോൾ ഭീരുക്കൾ സമതലത്തിൽ കിടന്നിഴയുന്നു.

–ജവഹർലാൽ നെഹ്റു

3.ദുർബലർക്ക് തടസ്സം ആകുന്ന കരിങ്കല്ലുകൾ ശാന്തന്മാർക്ക് ചവിട്ടികയറാനുള്ള

പടികളായിരിക്കും.

–തോമസ്

കാർലൈൻ

4.വിജയിക്കുകയെന്നാൽ എപ്പോഴും ഒന്നാമതാകുക എന്നല്ല. നിങ്ങൾ നേരത്തെ ചെയ്തതിലും മെച്ചമായി ചെയ്താൽ അതു വിജയമാണ്.

–ടോണി

ബ്ലയർ

5.സത്യം റോസാപ്പൂക്കളെപ്പോലെ മുള്ളുകളുള്ള തണ്ടിന്റ

മുകളിലാണ് വളരുന്നത്.

തോമസ്ഫുള്ളർ

ബിനിത ബിനു

ജ്വാല



# മാർക്കോണി

ടെലിഗ്രാഫ്

കമ്പികളിലൂടെ മാത്രം സന്ദേശങ്ങളയച്ചിരുന്ന കാലത്താണ് മാർക്കോണി കമ്പിയില്ലാതെ സന്ദേശങ്ങളയയ്ക്കുന്നതിനെക്കറിച്ച് ചിന്തിച്ചത്. ശബ്ദതരംഗങ്ങളെ റേഡിയോ തരംഗങ്ങളാക്കി അന്തരീക്ഷത്തിലൂടെ പ്രകാശ വേഗത്തിൽ അകലെയെത്തിച്ച് ഇവയെ ഒരു റിസീവർ വഴി

സ്വീകരിച്ച് വീണ്ടും

ശബ്ദതരംഗങ്ങളാക്കിമാറ്റാൻ സാധിക്കുമെന്ന് അദ്ദേഹം കണ്ടെത്തി.ഇതാണ് റേഡിയോ പ്രക്ഷേപണത്തിന്റ അടിസ്ഥാനം.

മിന്നു മരിയ

# മടിയൻ മല ചുമക്കും



തകർന്ന അമ്പലമുറ്റത്ത് വലിയ ഒരു ആൽമരമുണ്ടായിരുന്നു.ഒത്തിരി തത്തകൾ ആൽമരത്തിൽ കൂട്ടുകൂട്ടികുടുംബമായികഴിയുന്നുണ്ടായിരുന്നു .എവിടെനിന്നോ വന്ന പക്ഷിപിടുത്തക്കാർ ആ മരത്തിൽ കണ്ണുവച്ചു.അടുത്ത ദിവസം ആൽമരത്തിൽക്കയറി കുഞ്ഞിത്തത്തകളേയെല്ലാം അവർ പിടിച്ചുകൊണ്ടുപോയി.നേതാവിന്റ കല്പനപ്രകാരം ശേഷിച്ച തത്തകളെല്ലാം ദൂരേയ്ക്കു പറന്നു പോയി.നേതാവ് ഒരു വലിയ പന അവർക്കു പാർക്കാൻ തിരഞ്ഞെടുത്തു.പനംപൊത്തുകളിൽ തത്തകൾക്കു

സൗകര്യമായി താമസിക്കാനും സാധിച്ചു.

എല്ലാക്കാര്യങ്ങളും

ശ്രദ്ധിച്ചുപരിശോധിച്ചുകൊണ്ടിരുന്ന നേതാവ് ഒരു

ദിവസം ചെറിയൊരു വള്ളിച്ചെടി പനയിലേക്ക്

പടർന്നുകയറുന്നതു കണ്ടു.നേതാവ്

തത്തകളെയെല്ലാം വിളിച്ചുപറഞ്ഞു:"എല്ലാവരും

താഴേയ്ക്കു വരുവിൻ.ദാ, ഒരു വള്ളിച്ചെടി പനയിൽ

പടർന്നുകയറുന്നു.അത്

അപകടമാണ്.അതിന്റെ തണ്ടിനു വണ്ണം

വയ്ക്കും.അത് ഉറപ്പോടെ ചുറ്റിച്ചുറ്റി പനയിൽ

കയറും.അതിന്റെ തണ്ടിൽ പിടിച്ച്

പക്ഷിപിടുത്തക്കാർ വരും.നമുക്കൊരുമിച്ച് ഈ

തണ്ടും വേരും കൊത്തിക്കൊത്തി

പറിച്ചുകളയാം."എന്നാൽ പനംപൊത്തിൽ

സുഖിച്ചിരുന്ന തത്തകളൊന്നും താഴേയ്ക്കു വന്നില്ല.

മാസങ്ങൾക്കു ശേഷം നേതാവു ഭയപ്പെട്ടതുസംഭവിച്ചു.പക്ഷിപിടുത്തക്കാർ പനയിൽ ചുറ്റിയ വള്ളിയിൽ പിടിച്ചുമുകളിലേയ്ക്കു കയറുകയും അച്ചൻതത്തയും അമ്മതത്തയും നോക്കിനിൽക്കെപക്ഷികുഞ്ഞുങ്ങളെയെല്ലാം പിടിച്ചുകൊണ്ടുപോവുകയും ചെയ്തു.

ഗുണപാഠം:"അലസൻ നിത്യനിരാശനായിരിക്കും"

ട്രീസാ കെ.ജെ

# കഥകളി



കഥകളിയിൽ

കഥയാവുന്ന കളി

കളിയരങ്ങിൽ

കളിയാടുന്ന

കളിയാശാൻ

കഥകളിയുടെ നമോവാദം...

മിന്നു മരിയ

# ഒ എൻ വി കുറുപ്പ്



മലയാള മനസ്സിൽ

ബഹുമതികളേറെ ഏറ്റു

വാങ്ങിയെന്നോ...

മലയാള മനസ്സിൽ

പൊൻ ഓമലായി ഓമനിച്ച്

തോളിലിട്ട് താരാട്ട് പാടി

കൊണ്ടു പോയില്ലേ

മലയാളി തൻ പൊൻ ഓമലിനെ

ഒ.ൻ.വി.കുറുപ്പ്.....

മിന്നു മരിയ

# കൊലയാളിത്തിമിംഗലം



ഇത് ഗ്രാനി.പസഫിക് സമുദ്രത്തിൽ നീന്തിത്തുടിക്കുന്ന കൊലയാളിത്തിമിംഗലത്തിൽ ഏറ്റവും പ്രായമേറിയ ഗ്രാനിക്ക് 105 വയസ്സുണ്ട്. സാധാരണ കൊലയാളിത്തിമിംഗലങ്ങളുടെ ശരാശരി ആയുർദൈർഘ്യം 60-80 വർഷമാണ്.

താമര അൻപുരാജ്

ജ്വാല

# മണ്ടർനാട്ടിലെ തിരുമണ്ടൻമാർ

പണ്ട് മണ്ടർനാടെന്ന് പേരുള്ള നാടുണ്ടായിരുന്നു .അവിടുള്ളവരെല്ലാം തിരുമണ്ടന്മാരായിരുന്നു.



അവരുടെ നാട്ടിൽ ആയിരക്കണക്കിന് മാവുണ്ട്.മാങ്ങയത്രയും ഉപ്പിലിടാൻ അവർ തീരുമാനിച്ചു.ഇത്രയേറെ മാങ്ങ ഉപ്പിലിടാൻ വേണ്ടത്ര ഭരണി കിട്ടാൻ വഴിയൊന്നും കാണാത്തതുകൊണ്ട് അവർ ഒരു കിണറിനെ ഭരണിയാക്കാൻ തീരുമാനിച്ചു.

അങ്ങനെ അവർ മാങ്ങ മുഴുവനും പറിച്ചെടുത്ത് ആ കിണറ്റിലിട്ടു.നൂറ് ചാക്ക് ഉപ്പ് വാങ്ങി കിണറ്റിൽ അതും ചെരിച്ചിട്ടു.മൂന്ന് മാസം കഴിഞ്ഞപ്പോൾ കിണറ്റിൽ നിന്ന്

ഉപ്പുമാങ്ങയെടുക്കാൻ അവർ
തീരുമാനിച്ചു.മാങ്ങയെല്ലാം
ഉപ്പുമാങ്ങയായിക്കഴിഞ്ഞു എന്നു കരുതി അവർ
ഭരണികൾ അരയിൽകെട്ടിയ മൂന്നുപേരെ
കിണറ്റിലേക്കിറക്കി.ഭരണിയുടെ ഭാരം കൊണ്ട്
അവർ കിണറ്റിൽ മുങ്ങിമരിച്ചു.

"മാങ്ങയെല്ലാം അവർ പെറുക്കുകയാവും" കരയിൽ
നിന്നിരുന്ന തിരുമണ്ടന്മാർ പറഞ്ഞു.കൂടുതൽ
ഭാരമുള്ള ഭരണികൾ അരയിൽകെട്ടി അവരും
കിണറ്റിലിറങ്ങി.ഭരണിയുടെ ഭാരംമൂലം അവരും
വെള്ളത്തിൽ മുങ്ങിത്താണതല്ലാതെ കരയ്ക്കു
കയറിവന്നില്ല.അങ്ങനെ മണ്ടർനാട്ടിലെ
തിരുമണ്ടന്മാരെല്ലാം ആ മാങ്ങാക്കിണറ്റിൽ
മുങ്ങിമരിച്ചു.

ട്രീസാ കെ.ജെ

# മലയാളം

മാൺപിയെന്നു   വിളങ്ങുന്നു

മലയാളം   മനോഹരം,

മഹാപ്രഭുവിന്റെ

മണിത്തങ്കമായ്

മേഘങ്ങളാലുടുപ്പിട്ട

മല,കുന്നുകൾ,കോലാട്ടുകൾ,

ആന,  മാൻ,   പന്നി,  പുലികൾ,

പോത്തും   മേളിച്ച   കാട്ടുകൾ,

തെളിഞ്ഞോഛളങ്ങൾ   തൻ   മൂളി–

പ്പാട്ടുമായ്പ്പോകുമാറുകൾ,

ആമ്പലും   നൈതൽതണ്ടാരു–

മിടതിങ്ങിയ  പൊയ്കകൾ,

വിചിത്രപക്ഷിച്ചിറകിൻ
മഴവില്ലാർന്ന  ശാഖകൾ.
നിലാവും  പുളിയും  മാവുകൾ
വാഴയും  വാഴ  തോപ്പുകൾ,
അശോകം  ചമ്പകം  പിച്ചി
മുല്ലയും  ചേർന്ന  വാടികൾ,
പധിമപ്പേട്ട  പാടങ്ങൾ,
പശ്ച  മേയും  പറമ്പുകൾ–
നാനാപ്രകൃതി  സൗന്ദര്യ–
പ്രദർശന മണിക്കളം

# തവിട് ഹൃദയത്തിന്റെ കാവൽക്കാരൻ



ഹൃദ്രോഗം ആരെയും കടന്നാക്രമിക്കുന്ന രോഗമാണ്. ഹൃദയത്തെ കാത്തുസൂക്ഷിക്കാൻ ഏറ്റവും പ്രയോജനകരമായ കൊഴുപ്പ് തീരെ കുറഞ്ഞ എണ്ണയാണ് തവിട് എണ്ണ. "വണ്ടർ ഓയിൽ" എന്നാണ് ഭിഷഗ്വരൻമാർ ഇതിനെ വിശേഷിപ്പിക്കുന്നത്. ശുദ്ധരക്ത വാഹിനികുഴലായ ആർട്ടറിക്കുണ്ടാവുന്ന രോഗങ്ങളെ അകറ്റിനിർത്തുവാൻ ഏറ്റവും നല്ല ഭക്ഷ്യ എണ്ണയാണ് അരിയിൽ നിന്നുള്ള തവിടെണ്ണ.

എബിൻ സെബാസ്റ്റ്യൻ

ജ്വാല

# വാ വാ നിലാവേ

വാ വാ നിലാവേ
കുളിർ നിലാവേ
വാടിയിലോടി വാ
പൂനിലാവേ



കുഞ്ഞിളങ്കാറ്റിൻ വിമാനമേറി
കൊഞ്ചിക്കുഴഞ്ഞു നീ വാ നിലാവേ
ഇല്ലിമുളങ്കാട്ട പാട്ടുമോമൽ
പുല്ലാങ്കുഴൽപ്പാട്ട് കേൾക്കുവാൻ വാ
വള്ളിയിലാടി രസിക്കുവാൻ വാ
തുള്ളിക്കളിച്ച തേനുണ്ണാൻ വാ

ആൻമരിയാ

ജ്വാല

# തുള്ളൽ



തുള്ളൽ എന്ന കലാരൂപത്തിന്റേയും സാഹിത്യപ്രസ്ഥാനത്തിന്റേയും ഉപജ്ഞാതാവായി കണക്കാക്കുന്നത് കുഞ്ചൻനമ്പ്യാരെയാണ്.ഇതിനൊരു ഐതീഹ്യത്തിന്റെ പിൻബലമുണ്ട്.പതിനെട്ടാം നൂറ്റാണ്ട്–അമ്പലപ്പുഴ ക്ഷേത്രത്തിൽ  ചാക്യാരുടെ കൂത്തിന് മിഴാവു കൊട്ടിയിരുന്ന നമ്പ്യാർ ഉറക്കം തൂങ്ങിയപ്പോൾ  ചാക്യാർ സഭയിൽ വച്ച് അദ്ദേഹത്തെ പരിഹസിച്ചെന്നും അതിനു പകരം  വീട്ടുന്നതിനുവേണ്ടി കല്യാണസൗഗന്ധികം ഓട്ടൻ തുള്ളൽ  അവതരിപ്പിച്ചുവെന്നുമാണ് കഥ.തുള്ളൽ പോലുള്ള  ഒരു ദൃശ്യകല ഒറ്റദിവസം കൊണ്ട് രൂപമെടുത്തു എന്ന് വിശ്വസിക്കാനാവുകയില്ല.കൂത്ത് ,കൂടിയാട്ടം

,പാഠകം ,കൃഷ്ണനാട്ടം ,കഥകളി എന്നീ കലാരൂപങ്ങളുടേയും അംശങ്ങൾ  യോജിപ്പിച്ചാണ് നമ്പ്യാർ തുള്ളൽ അവതരിപ്പിച്ചത്.ചാക്യാരുടെ ഫലിതപ്രയോഗങ്ങളും നാടൻ തുള്ളൽ കലകളിലെ ലളിതമായ വേഷവിധാനവും നമ്പ്യാർ സ്വീകരിച്ചു.

ആൻജലോ സാജൻ

# കുഞ്ഞിക്കിളിയും കുഞ്ഞുമീനും



പണ്ടൊരിക്കൽ ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി. ജന്തുക്കൾ പലതും വെള്ളത്തിൽ മുങ്ങിമരിച്ചു.അതെല്ലാം കണ്ട് ഒരു കുഞ്ഞുക്കിളി വളരെ സങ്കടപ്പെട്ടു.ഒരു കുട്ടിയാന വെള്ളത്തിൽ മുങ്ങിത്താഴുന്നത് കണ്ട് കുഞ്ഞിക്കിളി അതിനടുത്ത് പറന്നുചെന്നിരുന്നു. അതിനെ രക്ഷിക്കാൻ നോക്കി പക്ഷെ കിളിക്ക് അത് സാധിച്ചില്ല. കുഞ്ഞിക്കിളിയുടെ ആയിരം ഇരട്ടിയിലധികം ഭാരമുള്ള ആനയെ പൊക്കാൻ കുഞ്ഞിക്കിളിക്ക് എങ്ങനെ സാധിക്കാനാണ്.

അവൻ അവിടെ നിന്ന് പറന്ന് മറ്റൊരിടത്ത് ചെന്നു. അവിടെ ഒരു കുഞ്ഞുമീൻ വെള്ളത്തിൽനീന്തുന്നത് കുഞ്ഞുക്കിളി കണ്ടെത്തി

ആനക്കുട്ടിയെ രക്ഷിക്കാൻ കഴിഞ്ഞില്ല. വെള്ളത്തിൽ കിടക്കുന്ന ഈ കുഞ്ഞുമീനിനെ എങ്ങനെയെങ്കിലും ഞാൻ രക്ഷിക്കും .

അങ്ങനെ പറഞ്ഞു കൊണ്ട് കുഞ്ഞുക്കിളി പറന്നു ചെന്ന് കുഞ്ഞുമീനിനെ കൊത്തി വെള്ളത്തിൽ നിന്ന് പൊക്കിയെടുത്ത് കരയിൽ കൊണ്ടുപോയി ഇട്ടു. പാവം കുഞ്ഞുമീൻ! അത് വെള്ളത്തിലെയ്ക്ക് പോവാൻ പിടഞ്ഞു. അതിന് കരയിൽ ജീവിക്കാൻ കഴിയില്ലല്ലോ.കുഞ്ഞുമീൻ പ്രാണനു വേണ്ടി പിടഞ്ഞ്, മരിച്ചു പോയി. കുഞ്ഞുക്കിളി ചെയ്തത് മഹാപാപകരമായി.കുഞ്ഞുക്കിളിക്ക് അപ്പോഴും മനസ്സിലായില്ല കുഞ്ഞുമീൻ എന്തുകൊണ്ടാണ് ചത്തുപോയതെന്ന്.മീനുകൾ, അവർക്ക് കരയിൽ ജീവിക്കാൻ കഴിയില്ലെന്നുള്ള തിരിച്ചറിവ് കുഞ്ഞിക്കിളിക്ക് ഇല്ലായിരുന്നു.

എലിസബത്ത് മാത്യൂ

# എന്റെ വീട്

അങ്ങു വടക്കാണെൻ

കുഞ്ഞുവീട്ആകെത്തണത്ത വെളുത്ത വീട്

മഞ്ഞിന്റെ കട്ടയിൽ

തീർത്ത വീട്

പെൻഗ്വിനുകൾ കണ്ടു

നിൽക്കും വീട്

'എസ്കിമോ'യെന്നാണി–

യെന്റെ പേര്

'ഇഗ്ലൂ'വെന്നാണെന്റെ

വീട്ടുപേര്........

അർജ്ജുൻ കെ.എസ്

# ശാസ്ത്ര ക്വിസ്

ആപ്പിളിൽ അടങ്ങിയിരിക്കുന്ന ആസിഡ്?

മാലിക് ആസിഡ്

അരുണ രക്താണുക്കളുടെ ആയുസ്സ്?

120 ദിവസം

ആറ്റത്തിന്റെ കേന്ദ്രം?

ന്യൂക്ലിയസ്

ജീവന്റെ അടിസ്ഥാന ഘടകം?

കോശം

കോശങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ?

സൈറ്റോളജി

കോശം കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ?

റോബർട്ട് ഹുക്ക്

ഏറ്റവും വലിയ കോശം?

ഒട്ടകപ്പക്ഷിയുടെ മുട്ട

ലോകഭക്ഷ്യ ദിനം?

ഒക്ടോബർ 16

ഓസോൺ ദിനം?

സെപ്റ്റംബർ 16

അന്ന മരിയ

# നിശാഗന്ധി

നിശതൻ സൗന്ദര്യമാകുന്ന പൂവേ

നിനക്കീ



വെൺമയോലും

സുഗന്ധം ആരു തന്നു.

രാത്രിയെ പ്രണയിച്ച

നിശാഗന്ധീ

നീയൊരു ദേവസ്ത്രീയാകാത്തതെന്തുകൊണ്ട്

.നിൻ വെൺമ കണ്ട് ഞാൻ സംശയിക്കുന്നു

നിൻ അമ്മയാണോ നിലാവെന്ന്.

നിൻ ചൈത്രമാം മുഖബിംബം മൂലം

രാത്രി എത്ര മനോഹരി........

ജ്വാല

ആരോമൽ എം.ടി.

# ഫോണിന് അടിമയായാൽ

ഫോണിന് അടിമയായ മക്കളോട്

ഇന്നസമയം അനുവദിച്ചതിനുശേഷം തുടരെത്തുടരെ നിർത്താൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുക. നിരന്തരമായ ആവശ്യപ്പെടലുകൾ അവരെ അതിൽനിന്നും പിന്തിരിപ്പിക്കും. ദേഷ്യത്തോടെ ഫോൺ വാങ്ങി മാറ്റിവെക്കുന്നതോ ശിക്ഷകളോ ഉപകരിക്കില്ല. ഫോൺ ഉപയോഗം മൂലമുള്ള രോഗങ്ങളെക്കുറിച്ചും നഷ്ടങ്ങളെക്കുറിച്ചും പറഞ്ഞുക്കൊടുക്കുന്നതിനെക്കുറിച്ചും ഇഷ്ടമുള്ള മറ്റുഹോബികളിലേക്ക് ശ്രദ്ധതിരിച്ച് വിടാനും മാതാപിതാക്കൾ ശ്രമിക്കണം.

ജെസ്റ്റോ

# ക്ഷമയുടെ വില

ലോകം കണ്ട ചിത്രകാരൻമാരിൽ വെച്ച് ഏറ്റവും വിശ്വവിഖ്യാതനായ ചിത്രകാരനായിരുന്നു ലെയനോർദോ ഡാവിഞ്ചി. ഇറ്റലിയിലെ വിൻചി എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്.

ലോകശ്രദ്ധ പിടിച്ചുപറ്റിയ നിരവധി ചിത്രങ്ങൾ അദ്ദേഹം വരച്ചിട്ടുണ്ട്.ഡാവിഞ്ചിയുടെ മാസ്റ്റർപീസ് എന്നു പറയാവുന്ന അന്ത്യത്താഴത്തിന്റെ ചിത്രം വരച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഒരാൾ അദ്ദേഹത്തെ കാണാൻ വന്നു.ഡാവിഞ്ചി കോപത്തോടെ ചോദിച്ചു നിങ്ങൾ ആരാണ് ആ ചോദ്യം കേട്ട് വന്നയാളും ദേഷ്യത്തോടെ പറഞ്ഞു "നിങ്ങൾ എന്താണ് ഇങ്ങനെ സംസാരിക്കുന്നത്" തുടർന്ന് രണ്ടുപേരും തമ്മിൽ വഴക്കായി

അവസാനംഅയാൾ ഇറങ്ങിപോയി. അയാൾ ഇറങ്ങി പോയെങ്കിലും ഡാവിഞ്ചിയുടെ കോപം തണുത്തില്ല.ഉടനെ തന്നെ ചിത്രരചന ആരംഭിച്ചു.എത്ര ശ്രമിച്ചിട്ടും അന്ത്യത്താഴത്തിലെ ക്രിസ്തുവിനെ വരയ്ക്കാൻ കഴിഞ്ഞില്ല.

തന്റെ അടുത്തുവന്ന മനുഷ്യനോടു കോപിച്ചതുമൂലമാണ് വരയ്ക്കാൻ സാധിക്കാത്തതെന്ന് അദ്ദേഹത്തിന് മനസിലായി.അപ്പോൾ തന്നെ അയാളുടെ പിറകെ ഓടി. തന്റെ പിറകെ ഡാവിഞ്ചി വരുന്നതു കണ്ട് അയാൾ പേടിച്ചുപോയി തന്നോട് ഇനിയും വഴക്കിടാനാണ് എന്ന് അയാൾ വിചാരിച്ചു.

അപ്പോൾ വിനീതനായി ഡാവിഞ്ചി പറഞ്ഞു"ഞാൻ ക്ഷമ ചോദിക്കാൻ വന്നതാണ് എന്നോട് ക്ഷമിക്കണം”അവർ പരസ്പരം ക്ഷമ

ചോദിച്ചു.ഡാവിഞ്ചി സന്തോഷത്തോടെ തിരിച്ചുവന്ന് ക്രിസ്തുവിന്റെ ചിത്രം ഭംഗിയായ് വരയ്ക്കുകയും ചെയ്തു.

നാം മറ്റുള്ളവരോടു ക്ഷമ ചോദിക്കുമ്പോൾ ദൈവത്തിന്റ രൂപം നമ്മിലും വരച്ചു ചേർക്കപ്പെടും.

ഡൈന ഡാനിഷ്

# ഐ ടി ക്വിസ്

1. ഇന്റർനെറ്റ് വഴി സന്ദേശങ്ങൾ കൈമാറാൻ സഹായിക്കുന്ന സംവിധാനം – ഇ-മെയിൽ

2. ആഗോളതലത്തിൽ കമ്പ്യൂട്ടറുകളെ ബന്ധപ്പെടുത്തുന്ന സംവിധാനം –ഇന്റർനെറ്റ്

3. കമ്പ്യൂട്ടറിന്റെ പ്രവർത്തന ഭാഷ–ബൈനറി

4. ഇ–മെയിൽ ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ–റേ്റാമിൻസൺ

5.ഡബ്ള്യൂ. .ഡബ്ള്യൂ.ഡബ്ള്യൂ. പ്രവർത്തിക്കാനാവശ്യമായ സോഫ്റ്റ് വെയർ–ബ്രൗസർ

6. സൗജന്യ ഓപ്പറേറ്റിങ്ങ് സിസ്റ്റം കണ്ടുപിടിച്ചതാര്–റിച്ചാർഡ്

7.പതിവായി ഇന്റർനെറ്റ് ഉപയോഗിക്കുന്ന ആൾക്ക് പറയുന്ന പേര്–നെറ്റിസൻ

8.വേൾഡ് വൈഡ് വെബിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളിൽ നമുക്ക് ആവശ്യമുള്ളവ മാത്രം കണ്ടുപിടിക്കുന്നതിനുള്ള

സംവിധാനം–സെർച്ച് എൻജിൻ

9.ഇന്റർനെറ്റിൽനിന്ന് കമ്പ്യൂട്ടറിലേക്ക് വിവരങ്ങൾ പകർത്തുന്ന പ്രക്രിയ–ഡൗൺലോഡിങ്ങ്

10.കമ്പ്യൂട്ടർ മേഖലകളിൽ നുഴഞ്ഞുകയറുകയും അനുവാദമില്ലാതെ വിവരങ്ങൾ ചോർത്തുകയും ചെയ്യുന്നകട്ടർ വിദഗ്ധൻ–ഹാക്കർ

പഞ്ചമി ബിനോയി

# കാട്ടിലെ കാർണിവൽ

പക്ഷികളുടെ തൊട്ടുപിന്നാലെ ഓരോ തരം ജീവികളും അടിവച്ചു നീങ്ങി.കുരങ്ങൻമാരുടെകാവടിയാട്ടം ആനകളുടെ കളി കുറുക്കൻമാരുടെ എന്നിങ്ങിനെ മതിവരാത്ത ഇനങ്ങളെല്ലാം ഇതിൽ കടന്നുപോയി. കാർണിവൽ കടന്നുപോകുന്നതു കാണാൻ മയിലാട്ടുംകുന്നിന്റെ ഇരുഭാഗത്തുംപക്ഷികൾ തിങ്ങിനിറഞ്ഞു നിൽക്കുന്നു. പാതിരാ കഴിഞ്ഞ് നവവൽസരമായതോടെ കാർണിവൽ യാത്ര ആന പ്പാറക്കുന്നിന്റെ മുകളിലെത്തി. അവിടെയായിരുന്നു പരിപാടികൾ നടക്കുന്ന പ്രധാന വേദി. വേദിയിൽ നിന്ന് പെട്ടെന്നൊരു അറിയിപ്പ് മുഴങ്ങിക്കേട്ടു;"പ്രിയമുള്ളവരേ, നാമെല്ലാവരും

കാത്തിരിക്കുന്ന പുത്തൻ ജനുവരിയപ്പൂപ്പൻ നമുക്കും നൻമകൾ നേടാനായി ഇപ്പോൾ ഇതുവഴി കടന്നുവരും ."

എല്ലാവരും വേദിയിലേക്കു നോക്കി. അപ്പോഴതാ മയിലമ്മയുടെ പുറത്തിരുന്ന് ജനുവരിയപ്പൂപ്പൻ വരുന്നു. അപ്പൂപ്പന്റെ വേഷം കെട്ടിയ മണിയനണ്ണാനായിരുന്നു അത്.അപ്പൂപ്പൻ എല്ലാവരേയും അനുഗ്രഹിച്ചു .ഹാപ്പി ന്യൂ ഇയർ. എല്ലാവരും ഒരേ ശബ്ദത്തിൽ പറഞ്ഞു. അതോടെ പൂത്തിരിയും കത്തി. ആകാശത്ത് കണ്ണഞ്ചിപ്പിക്കുന്ന അമിട്ടുകൾ പൊട്ടി.അങ്ങനെ കാട്ടിലെ നവവൽസരാഘോഷം അടിപൊളിയായി.

പോൾ സെബാസ്റ്റ്യൻ

# പൂമ്പാറ്റകളുടെ റാണി



പൊന്നരുംകാവിൽ ഒരു അഴകിയ പൂമ്പാറ്റഉണ്ടായിരുന്നു .അവളെ കാണാൻ എന്തുഭംഗിയായിരുന്നോ?

ആ പൂമ്പാറ്റയക്ക് വളരെ കാലത്തിനു ശേഷം ഒരുപൊന്നോമനപ്പിറന്നു.അവളെ കാണാൻ ഒരു ചന്തവും ഇല്ലായിരുന്നു.വെറുതെ ഒരു തവിട്ടുപൂമ്പാറ്റ. ഇവളെ എന്തിനു കൊള്ളാം. മറ്റു പൂമ്പാറ്റകൾ കുഞ്ഞി പൂമ്പാറ്റയെ കളിയാക്കി. ഇതുകേട്ട് കുഞ്ഞി പൂമ്പാറ്റയ്ക്ക് വിഷമം തോന്നി. ഒരു ദിവസം കുഞ്ഞി പൂമ്പാറ്റ ആകാശത്തോടു ചോദിച്ചു. ആകാശമേ എനിക്കു നിന്റെ നിറം തരാമോ? ആകാശം നിറം കൊടുത്തില്ലാ കുഞ്ഞി പൂമ്പാറ്റ പറന്ന് ഒരു ചെമ്പരത്തി കാടിന്റെ അരികിൽ എത്തി.

ജ്വാല

നിറയെ പൂക്കൾ. ചെമ്പരത്തി പൂവേ എനിക്ക് നിന്റെ നിറം തരാമോ? ഇല്ല ഞാൻ തരില്ലാ വേഗം പൊക്കോ ചെമ്പരത്തി മുഖം കറുപ്പിച്ചു. പാവം കുഞ്ഞിപ്പൂമ്പാറ്റ പറന്ന് തളർന്ന് കടൽ തീരത്തെത്തി.അപ്പോൾ പെട്ടെന്ന് മേഘങ്ങൾ ഉരുണ്ടുകൂടാൻ തുടങ്ങി.അവൾ അവിടെ ഇരുന്നു ഉറക്കെ കരഞ്ഞു.കുഞ്ഞിപ്പൂമ്പാറ്റയുടെ കരച്ചിൽ അതു വഴി വന്ന മഴ ദേവത കേട്ടു.ദേവത പറഞ്ഞു കുഞ്ഞിപ്പൂമ്പാറ്റേ നീ വിഷമിക്കേണ്ട.ഇപ്പോൾ ഞാൻ മാനത്ത് മഴവില്ല് വരയ്ക്കാം.അപ്പോൾ നിനക്ക് മഴവില്ലിൻെറ നിറം തരാം.മഴ ദേവത കുഞ്ഞിപ്പൂമ്പാറ്റയുടെ ചിറകിന് മഴവില്ലിൻെറ നിറം നൽകി.കുഞ്ഞിപ്പൂമ്പാറ്റക്ക് സന്തോഷമായി.ഇനിമേൽ നീ ആയിരിക്കും പൂമ്പാറ്റയുടെ റാണി.മഴ ദേവത അവളെ അനുഗ്രഹിച്ചു.


ത്രേസ്യാമ്മ കുര്യൻ

# പഴഞ്ചൊൽ  പച്ചക്കറി

- കടലെടുത്തു കാണിച്ചാലും വാഴപിണ്ടി
- ചുണ്ടങ്ങ കൊടുത്തു വഴുതനങ്ങ
- കുലം മുടിയാൻ  നേരത്ത് മുച്ചീർപ്പൻ കുലയ്ക്കുക
- പതിരില്ലാതെ കതിരില്ല
- ഞവര നട്ടാൽ തൊവര മുളയ്ക്കില്ല
- ഊന്നു കുലയ്ക്കില്ല വാഴയേ കുലയ്ക്കു
- കാന്താരി മുളക്ക് കണക്കെ

ടോണി  തോമസ്

# അങ്ങനെയുണ്ടെങ്കിൽ



ഒരിക്കൽ ബർണാഡ് ഷാ പുതിയൊരു നാടകം എഴുതി.നാടകത്തിൻെറ ആദ്യത്തെ പ്രദർശനത്തിന് അദ്ദേഹം നിരവധി വിശിഷ്ടാഥികളെ ക്ഷണിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിലിനെയും ബർണാഡ് ഷാ ക്ഷണിച്ചു.ചർച്ചിലിന് ഷാ രണ്ടു ടിക്കറ്റുകൾ അയച്ചുകൊടുത്തു:ഒപ്പം,കുസൃതി നിറഞ്ഞ ഒരു കുറിപ്പും വച്ചു:''.....നാടകത്തിന് അങ്ങയുടെ ഒരു സുഹൃത്തിനേക്കൂടി കൊണ്ടു വരിക–അങ്ങനെയൊരാളുണ്ടെങ്കിൽ...''

ഉരുളയ്ക്ക് ഉപ്പേരി പോലെയായിരുന്നു ചർച്ചിലിൻെറ

മറുപടി.രണ്ടു ടിക്കറ്റും തിരിച്ചയച്ച ചർച്ചിൽ ഒരു കുറിപ്പും വച്ചു:

"ഞാൻ നാടകത്തിൻെറ രണ്ടാമത്തെ പ്രദർശനത്തിനു വരാം അങ്ങനെയൊന്നുണ്ടെങ്കിൽ.....

അൻഷിത്

# വളഞ്ഞ കൊമ്പിൻ അറ്റത്ത്

വളരെപ്പണ്ടൊരു
കാലത്ത്,
വഴിയേ പോയൊരു
ചെമ്പോത്ത്
വളഞ്ഞുനീണ്ടൊരു
കൊമ്പത്ത്



വെറുതേ കൊത്തിയ നേരത്ത്,
വിളികേട്ടല്ലോ അരികത്ത്!
വിറച്ചു പോയീ ചെമ്പോത്ത്,
വളഞ്ഞ കൊമ്പിന്നറ്റത്ത്
വലിയൊരു കൊമ്പൻ
മാമത്ത് !

ജ്വാല

ട്രീസാ കെ.ജെ

# ടീച്ചറമ്മ

അമ്മതൻ സ്നേഹം തരുന്നൊരമ്മ

അറിവു പകർന്നെനിക്കേകുമമ്മ

അരികത്തു വന്നെനിക്കക്ഷരമോതി

അജ്ഞത മാറ്റുന്ന ടീച്ചറമ്മ

മനസ്സിൽ കൂരിരുൾ മാറ്റുന്ന ടീച്ചറമ്മ

മനസ്സിൽ കൂരിരുൾ മാറ്റിയെന്നിൽ

മൺചിരാതായി ജ്വലിക്കുമമ്മ

പൂപോലെ പുഞ്ചിരി തൂകുമമ്മ

പുഴയായിത്തഴുകിയൊഴുകുമമ്മ

നന്മ തൻ ചെപ്പു തുറക്കുമമ്മ

നല്ല കഥകളും ചൊല്ലികൊടുത്തു.

സ്നേഹിക്കാനെന്നെ പഠിപ്പിച്ചവൾ,

സ്നേഹത്തിൻ കടലാണവൾ.

ജ്വാല

**പുഞ്ചിരിക്കും മുഖമുള്ളവൾ,**

**പാവമാണവൾ,പാവയല്ലവൾ.**

**നൻമ നിറഞ്ഞ ഹൃദയമുള്ള**

**എന്റെ സ്വന്തം കൂട്ടുകാരി**

ബിനീത ബിനു

# ടോമും ജെറിയും

കൊച്ചുടിവിയിലെ

കൊച്ചു മനസ്സിൽ

ചിരി മഴയായ്

പെയ്തിറങ്ങിയ

ടോമും ജെറിയും

കൊച്ചു മനസ്സിൽ

ഇടം പിടിച്ചേ....

മിന്നു മരിയ

# വില്ലനാവുന്ന സെൽഫോൺ

മൈക്രോവേവ് ഓവനിൽ പാചകത്തിനായി ഉപയോഗിക്കുന്ന തരം വൈദ്യുതകാന്തിക തരംഗങ്ങളാണ് മൊബൈൽ ഫോണിലും ഉപയോഗിക്കുന്നത് .തുടർച്ചയായ ഉപയോഗത്തിലൂടെ തലച്ചോറിലെ കോശങ്ങൾ ചൂടായി



ജലാംശം നഷ്ടപ്പെടുകയും നിരവധി രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.ഉറക്കക്കുറവും മുടി പൊഴിച്ചിലും മൂലം ക്യാൻസർവരെ ഇതു വഴി ഉണ്ടാകാം.ഒരു ഓന്തിൻെറ ശരീരത്തിൽ നാലു മൊബൈൽഫോൺ കെട്ടിവെച്ച് ഇടയ്ക്കിടക്ക് റിങ് ചെയ്യിച്ച് ഈയിടെ ഒരാൾ പരീക്ഷണം നടത്തി.മൂന്ന് ദിവസം കഴിഞ്ഞ് ഈ ഓന്തിനെ പരിശോധിച്ചപ്പോൾ അതിൻെറ നിറം മാറുവാനുള്ള കഴിവ് നഷ്ട്പ്പെട്ടതായാണ് കണ്ടത്.ഒരാൾ

ജ്വാല

മൊബൈൽ ഫോണിലൂടെ ഒന്നര മണിക്കൂർ സംസാരിക്കുമ്പോൾ തലയിലും തലച്ചോറിലുമായി ഉണ്ടാകുന്ന ചൂട് മതിയത്രേ ഒരുകാടമുട്ട പുഴുങ്ങിക്കിട്ടാൻ.അതുകൊണ്ട് മൊബൈൽ ഫോൺ ഉപയോഗം അടിയന്തിരമായി കുറ്ക്കുക.മൊബൈൽ കമ്പനികളുടെ പെരുമഴയിൽ കുത്തിയൊലിച്ചുപോകാതെ സൂക്ഷിക്കുകയാണ് പ്രധാനം.സെൽഫോൺ നമ്പർ വ്യാപകമായ രീതികളും ഉപേക്ഷിക്കുന്നതും നല്ലനാണ്.പേഴ്സണൽ സിം വേറെയുണ്ടെങ്കിൽ ദയവായി ആ നമ്പർ വളരെ അടുത്ത വ്യക്തികൾക്ക് മാത്രം നൽകുക.

ടീസാ കെ.ജെ

# പൂവ്



ഉഷസ്സിൽ

വിടർന്നു വിരിഞ്ഞു

നിന്ന

നീ എന്തെ

ത്രിസന്ധ്യ നേരത്ത്

വാടി കരിഞ്ഞു പോയി

നിൻ ലത നിന്നെ

ബാല്യത്തിൽ പോറ്റിയില്ലേ

തന്നെ നിവർന്നു

ശോഭയോടെ നിന്നു കൂടെ

നിൻ ലത തൻ കൈത്താങ്ങായി

വളർന്ന നീ

എന്തെ വീണു പോയി

നാളെ ഉഷസ്സിൽ

പുതു ശോഭയോടെ

വിടരില്ലെ  നീ

മിന്നു മരിയ

# പൊതുവിജ്ഞാനം

ലോകത്തിലെ ഏറ്റവും വേഗത കൂടിയ സൂപ്പർ കമ്പ്യൂട്ടർ

–സമ്മിറ്റ്

കേരളത്തിൽ ആദ്യമായി ഇലക്ട്രിക്ക് ബസ് സർവീസ് നടത്തിയ ജില്ല

–തിരുവനന്തപുരം

സുപ്രീം കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ്

–രഞ്ജൻ ഗൊഗൊയ്

ജമ്മു കാശ്മീർ ഹൈകോടതിയുടെ ആദ്യ വനിത ചീഫ് ജസ്റ്റിസ് ആയി ചുമതലയേറ്റത്

–ഗീത മിത്തൽ

# കണ്ടറിവിൽ നിന്നൊരു ചോദ്യം

മേഘമോളേ.....

അപ്പൂപ്പൻ വിളിക്കുന്നു

അതു കേട്ടപാടെ ഒമ്പതിൽ പഠിക്കുന്ന മേഘമോൾ ഓടിയെത്തി.

എന്താ അപ്പൂപ്പാ, തലകറക്കം ഉണ്ടോ?

ഏയ്..പിന്നെ?

അപ്പൂപ്പാ ഉമ്മറത്തെ ടീപ്പോയിൽ ഒരു കവർ വച്ചിട്ടുണ്ട്.

പച്ച നിറമുള്ള സെല്ലോഫേൻ കവറല്ലേ?

ങ് ആ.. അതിനുള്ളിൽ ഒരു ഷീറ്റ് വൈറ്റ്

പേപ്പർ ഉണ്ട്

മോൾ പച്ച നിറമുള്ള പേപ്പറുമായി ഓടിയെത്തി

ഇത് പച്ച നിറമുള്ള പേപ്പറാ..

അത് കേൾക്കണ്ട താമസം

ഇരുട്ടിന്റെ നിറമായ

കറുപ്പിൽ കാണും.

മിന്നു മരിയ

# സഹപാഠി



എന്റെ സ്വന്തം

കൂട്ടുകാരി,

എന്നുമെന്റെ കൂട്ടുകാരി.

സ്നേഹിക്കാനെന്നെ പഠിപ്പിച്ചവൾ,

സ്നേഹത്തിൻ കടലാണവൾ.

പുഞ്ചിരിക്കും മുഖമുള്ളവൾ,

പാവമാണവൾ,പാവയല്ലവൾ.

നൻമ നിറഞ്ഞ ഹൃദയമുള്ള

എന്റെ പ്രിയ കൂട്ടുകാരി.

അഭിഷേക് പി.വി

# പാറപ്പുറത്തെ മഴ

കുട്ടി മഴയോട് ചോദിച്ചു നീയെന്തിനാ വെറുതെ വല്ല പാറപ്പുറത്തും പെയ്യുന്നത്. മഴ കുടെ കുടെ ചിരിച്ചു. അല്ലാതെ എവിടെ പെയ്യണം.മണ്ണിൽ കൃഷിയിടത്തിൽ . കുഞ്ഞിനറിയാമോ മഴ ചോദിച്ചു.ഞാൻ എത്രയോ കാലം ഇങ്ങനെ പാറപ്പുറത്ത് വീണിട്ടാണ് പാറ പൊടിഞ്ഞു മണ്ണായത്. നമുക്കിനിയും മണ്ണ് വേണ്ടേ? കുട്ടിക്ക് മഴയെ ഇഷ്ടമായി.

അജയ് മധു

# പാവക്കൂത്ത്



ക്ഷേത്രങ്ങളിൽ നടത്തിവന്നിരുന്ന ഒരു അനുഷ്ഠാനകലയാണ് പാവക്കൂത്ത്. തോൽപ്പാവക്കൂത്ത്, ഓലപ്പാവക്കൂത്ത്, നിഴൽക്കൂത്ത് എന്നീ പേരുകളിലും ഈ കല അറിയപ്പെടുന്നു. കമ്പരാമായണകഥകളാണ് ഇതിവൃത്തം. തമിഴും മലയാളവും കലർന്ന ഭാഷയാണ് അവതരണത്തിനുള്ളത്.

അന്നു മരിയ

# ഓമനയുടെ ഓണം

മഞ്ഞക്കോടിയുമായെന്നച്ഛൻ

പൊന്നോണത്തിനു വരുമല്ലോ

കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം

കാവടി തുള്ളിയണഞ്ഞല്ലോ

മുറ്റം ചെത്തി വെടിപ്പാക

ഭംഗി പറഞ്ഞാൽ തീരില്ലാ

തങ്കച്ചിറകു വിടർത്തിവരും ചെറു-

തുമ്പിക്കിത്രയുമഴകില്ലാ

മുത്തുക്കുട പൊന്നാണന്നാലും

മുക്കുറ്റിക്കീ ഗമയില്ലാ

കോളാമ്പിപ്പൂ ചാർത്തിടുമോണ

ക്കോടിയുമിതിനൊട്ടും പറ്റില്ലാ

മടിയിലിരുത്തി കുഞ്ഞിക്കൈകളി

ലുരുളയുരുട്ടിത്തരുമച്ഛൻ

കായ വറുത്തു ഭരണിയിലാക്കി-

ക്കലവറയിൽ വച്ചമ്മൂമ്മ

ഓണസദ്യയോർക്കുംന്നേരം

നാവിൽ കൊതിയുടെ പെരുവെള്ളം

മാമൻ കെട്ടിത്തരുമല്ലോ കിളി

മാവിൻ കൊമ്പിൻ പൊന്നൂഞ്ഞാൽ

ഹരികൃഷ്ണൻ പി. ആർ

# ചടപട കുടുകുടെ



കരിമേഘത്തിൽ പടയെത്തി

വിടരും മിന്നൽപ്പിണറെത്തി

ചടപട ചടപട ഇടിവെട്ടി

കുടുകുടെ കുടുകുടെ മഴയെത്തി

ശ്യാമിലി ഇ.പി

# സന്യാസിയും മുന്തിരിപഴവും



ഒരു ആശ്രമത്തിൽ കുറെ സന്യാസിമാർ താമസിച്ചിരുന്നു.ഒരു ദിവസം ആശ്രമശ്രേഷ്ഠന് ഒരു മുന്തിരിക്കുല സമ്മാനമായി കിട്ടി.ചൂടുള്ളൊരു ദിവസം മധുരമുള്ള മുന്തിരിപ്പഴം തിന്നാൻ ആരംഭിച്ചപ്പോഴാണ് ആദ്ദേഹം അടുത്തമുറിയിലുള്ള രോഗിയായ സന്യാസിയെ ഓർത്തത് .ഒട്ടും മടിക്കാതെ ആശ്രമശ്രേഷ്ഠൻ മുന്തിരി രോഗിയായ സന്യാസിക്ക് കൊടുത്തു. രോഗി വിചാരിച്ചു;എനിക്ക് അത്ര വലിയ അസുഖമൊന്നുമില്ലല്ലോ.അടുത്തമുറിയിലുള്ള

വൃദ്ധനായ സന്യാസിക്ക് മുന്തിരി ഇഷ്ടമായിരിക്കും.അങ്ങനെ  മുന്തിരി, വയസനായ സന്യാസിയുടെ മുറിയിലെത്തി. മുന്തിരിങ്ങ, ചെറുപ്പക്കാരന്റെ മുറിയിൽ എത്തി . ചെറുപ്പക്കാരൻ അത് അടുത്ത മുറിയിലുള്ള സന്യാസിക്കു കൊടുത്തു.അങ്ങനെ  മുന്തിരിക്കുല അവസാനം അശ്രമശ്രേഷ്ഠന്റെ പക്കൽ തന്നെ തിരിച്ചു വന്നു. ആശ്രമശ്രേഷ്ഠന് കാര്യം മനസ്സിലായി. ഓരോ സന്യാസിയും വിചാരിച്ചു തന്റെ  അടുത്തുള്ള സന്യാസിക്കാണ് ആ മുന്തിരിങ്ങ കൂടുതൽ ആവശ്യം.എത്ര വലിയ പരസ്നേഹം.

കെവിൻ

# ഇന്നലെ

ഏറെ നാളായ് ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞ

എന്റെ കൂട്ടുകാരി,



ഒരു ദിനം നീ എന്നെ

വിട്ടുപോകവേ

നിന്നെ യാത്രയാക്കാൻ

സ്നേഹത്തിൽ പൊതിഞ്ഞ വാക്കുകൾ മാത്രം

ഒരുപാട് നല്ല ഓർമകൾ

പരസ്പരം പങ്കുവച്ച ദിനങ്ങൾ

വസന്തം തളിരവേ–പരസ്പരം

നെയ്യെടുത്ത സ്വപ്നങ്ങൾ

മറക്കില്ല ഒരിക്കലും പ്രിയ കൂട്ടുകാരീ

ഒപ്പം വേദനിക്കുന്ന വാക്കുകളുമായ്.

ജ്വാല

# മാർച്ച് മാസത്തെ പ്രധാന ദിവസങ്ങൾ




01–വിവേചനരഹിത ദിനം

03–ലോകവന്യജീവി ദിനം

08–ലോകവനിതാ ദിനം

09–ലോകവൃക്ക ദിനം

15–ലോകവികലാംഗ ദിനം

17–ലോകനിദ്ര ദിനം

20–ലോകസന്തുഷ്ട ദിനം

21–ലോകവന ദിനം

22–ലോകജല ദിനം

24–ലോകക്ഷയരോഗ ദിനം

പഞ്ചമി ബിനോയി

ജ്വാല

# വെയിലു വേണോ മഴ വേണോ



ഒരിക്കൽ വെയിലും മഴയും വയലിൽ വെച്ച് കണ്ടുമുട്ടി.എന്നെയാണ് ജനങ്ങൾക്ക് ഇഷ്ടം.

വെയിൽ അഹങ്കാരത്തോടെ പറഞ്ഞു.

അതു കേട്ട് മഴ പറഞ്ഞു:എന്നെയാണ് അവർക്ക അതിലും ആവശ്യം.വിത്തുകൾ മുളയ്ക്കാനും കുടിവെള്ളം കിട്ടാനും മനുഷ്യർക്ക് മഴ വേണ്ടേ.എന്നാൽ അതൊന്നു

നോക്കാമല്ലോ,വെയിൽ പറഞ്ഞു.ശരി അങ്ങനെ തന്നെ , അതു പറഞ്ഞ് മഴ പെയ്യാൻ തുടങ്ങി.അപ്പോൾ ജനങ്ങൾ ഉണക്കാൻ ഇട്ടിരുന്ന വസ്ത്രങ്ങളും ധാന്യങ്ങളുമെല്ലാം നനഞ്ഞു.അവർ മഴയെ പ്രാകി.മഴ പിണങ്ങി.പിന്നെ വളരെ കാലം പെയ്തതേ ഇല്ല.കൃഷി നശിച്ചു. കുടിവെള്ളം കിട്ടാതെ ജനങ്ങൾ കഷ്ടപ്പെട്ടു.ജനങ്ങൾ മഴയ്ക്ക് വേണ്ടി പ്രാർത്ഥന ആരംഭിച്ചു.അത് കേട്ട് മഴ വീണ്ടും പെയ്യാൻ തുടങ്ങി.അപ്പോൾ ജനങ്ങൾ പറഞ്ഞു:ഞങ്ങൾക്ക് നിങ്ങൾ രണ്ടു പേരെയും ഒരുപോലെ ഇഷ്ടമാണ്.ആരും പിണങ്ങിപ്പോകരുത്.അന്നു മുതൽ വെയിലും മഴയും അഹങ്കാരമെല്ലാം ഉപേക്ഷിച്ച് നല്ല കൂട്ടുകാരായി.

ട്രീസാ കെ.ജെ

# ഇന്ത്യയിലെ ഏറ്റവും വലിയ ലൈബ്രറി

കൽക്കത്ത പബ്ലിക്ക് ലൈബ്രറിയാണ് ഇന്ത്യയിലെ ഏറ്റവും വലിയ ലൈബ്രറി. 1836–ൽ സ്ഥാപിച്ച ഇത് ഇന്നും സർക്കാർ ഉടമസ്ഥതയിലല്ല.300 രൂപ അടച്ച് അംഗത്വമെടുക്കുന്ന ഏതൊരാളെയും ഇതിന്റെ ഉടമസ്ഥനായി കണക്കാക്കുന്നു

ഹരീഷ് പി. എച്ച്

ജ്വാല

# ഊണിന്റെ മേളം

കുറിയരിവച്ച വെളുത്തൊരു ചോറും

കറികളുമാശു വിളമ്പി നിരന്ന

നറുനെയ് ശർക്കര നേന്ത്രപ്പഴവും

ചെറുപപ്പടമൊരു

പത്തിരുന്നൂറും

ആനച്ചുവടൻ

പപ്പടമൊരുവക



തേനും നല്ലൊരു പഞ്ചാരപ്പൊടി

ചേനക്കറി ചില പച്ചടി കിച്ചടി

പാതകമൊരുവക നാരങ്ങാക്കറി

മാങ്ങാപ്പച്ചടി ഇഞ്ചിപ്പച്ചടി

ചേനവറുത്തും പയറുവറുത്തും

ചക്കപ്രഥമനടപ്രഥമൻ വിധ

മൊക്കെപ്പെറവാൻ നേരം പോരാ

പാലും തൈരും മോരും പലവക

കോലാഹലതരമെത്തുരചെയ്യാം

കൊണ്ടാ പഴമെന്നങ്ങൊരു ദിക്കിൽ

ചക്കപ്രഥമൻ കൊണ്ടാ വളരെ

ശർക്കരയുണ്ടങ്കളമ്പതുകൊണ്ടാ

പച്ചടി കൊണ്ടാ കിച്ചടി കൊണ്ടാ

പഞ്ചാരപ്പൊടിയൊരുപറ കൊണ്ടാ

മധുരക്കറയോ മധിരക്കറിയോ

മതിമതി പോരാ കോരിക്കൊണ്ടാ

ഹരികൃഷ്ണൻ പി. ആർ

# ഇഷ്ടം



പുലരിയെത്തിലെന്നും
വെളിച്ചം ചൊരിയുന്നൂ
സൂര്യനെയാണെനി
ക്കിഷ്ടം
അതുകണ്ടു നാണത്താൽ പുഞ്ചിരി ളുകുന്ന
താമരയോടെനിക്കിഷ്ടം
നല്ലതു മാത്രം ചെയ്യുവാൻ കൽപിച്ച
ദൈവത്തെയാണെനിക്കിഷ്ടം

എന്നൊന്നുമെന്നുള്ളിൽ അറിവുകളേകുന്ന
അധ്യാപകരോടെനിക്കിഷ്ടം
എപ്പോഴും നൻമകൾ ചെയ്യാൻ പഠിപ്പിച്ച
മാതാപിതാക്കളോടിഷ്ടം
ഇടയിലായെന്നെ കണ്ണീരിലാഴ്ത്തുന്ന
വേദനകളോടുമിഷ്ടം
പൊട്ടിച്ചിരിച്ചുകൊണ്ടോടിയടുക്കുന്ന
മിത്രങ്ങളോടെനിക്കിഷ്ടം
രാത്രി മനം കുളിർത്താകാശം നിറയുന്ന
താരങ്ങളോടെനിക്കിഷ്ടം

ശ്യാമിലി ഇ. പി

# പുളിക്കാത്ത മുന്തിരി



"കിട്ടാത്ത മുന്തിരി പുളിക്കും"

എന്നൊരു

പഴഞ്ചൊല്ലുണ്ടല്ലോ.

എന്നാൽ പുളിക്കാത്ത

മുന്തിരിയുടെ കഥയുമുണ്ട്.

ഒരിക്കൽ ഒരു കുറുക്കൻ വിശപ്പുകൊണ്ടും ദാഹം

കൊണ്ടും വലഞ്ഞ് ഒരു മുന്തിരിത്തോട്ടത്തിൽ

കൂടി നടക്കുകയായിരുന്നു. മുകളിൽ

മുന്തിരിവള്ളികളിൽ തൂങ്ങിക്കിടന്നാടുന്ന

മുന്തിരിക്കുലകൾ കണ്ട കുറുക്കൻ ചാടിനോക്കി,

കിട്ടിയില്ല. വീണ്ടും ചാടി അപ്പോഴും കിട്ടിയില്ല.

പിന്നെയും പിന്നെയും അവൻ ചാടി.

ചാടിയതുകൊണ്ട് മുന്തിരി തിന്നാൻ

കിട്ടുകയില്ലെന്ന് കുറുക്കനെ മനസ്സിലായി. ഇനി എന്താണൊരു വഴി ? കുറുക്കൻ ആലോചിച്ചു. അവൻ ചുറ്റും നോക്കി. ഒരു വലിയ കമ്പ് കൈയിലെടുത്തു. അത് മുകളിലെയ്ക്ക് നീട്ടി മുന്തിരിക്കുലയുടെ ഞെട്ടിൽ ആഞ്ഞടിച്ചു. മുന്തിരിക്കുല താഴെ വീണു. കുറുക്കൻ അതെടുത്ത് തിന്നു. "നല്ല മധുരമുള്ള മുന്തിരി",കുറുക്കൻ പറഞ്ഞു ബുദ്ധിയുപയോഗിച്ച കുറുക്കന് മുന്തിരിങ്ങ കിട്ടാത്തതിന് കുറ്റം പറയേണ്ടി വന്നില്ല.

അന്ന മരിയ

# കേരളീയ കലകൾ




ഒപ്പന

കേരളത്തിലെ മുസ്ലീം സമുദായത്തിലെ ആഘോഷങ്ങളോടനുബന്ധിച്ചുള്ള നൃത്തരൂപമാണ് ഒപ്പന. വിവാഹത്തോടനുബന്ധിച്ചാണ് ഒപ്പന നടത്തുന്നത്. മണവാട്ടിയെ അണിയിച്ചൊരുകി മദ്ധ്യത്തിൽ ഇരുത്തി തോഴിമാർ പാട്ടുപാടി നൃത്തം ചെയ്യുന്നു. ഈണത്തിലും താളത്തിലും കൈകൊട്ടി ചുവടുവെച്ച് നായികയെ സന്തോഷിപ്പിക്കുന്നു. മലയാളവും അറബിയും കോർത്തിണക്കിയ ഗാനങ്ങളാണ് ഒപ്പനപ്പാട്ടുകൾ.

# മയിലാട്ടം




കേരളത്തിലെ
സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ
നടത്തുന്ന
ആചാരപരമായ
കലാരൂപമാണ്
മയിലാട്ടം. മയിലിന്റെ വേഷം
അണിഞ്ഞുകൊണ്ടുള്ള നൃത്തമാണിത് . മുഖത്ത്
തേപ്പും കിരീടവും കൊക്കും പീലിയും
വേഷവിധാനത്തിലുണ്ട് .
പാളകൊണ്ടുള്ളകിരീടമാണ് നർത്തകൻ
ഉപയോഗിക്കുന്നത്.

അന്ന മരിയ

ജ്വാല

# ഓടക്കുഴലിന്റെ സന്തോഷം

ഒരിടത്ത് ഒരു ഇടയൻ ഉണ്ടായിരുന്നു. അവൻ മുളയൊടിക്കാൻ കാട്ടിലേയ്ക്ക് പോയി. മുളയൊടിച്ചുകൊണ്ടിരുന്ന പ്പോൾ ,ഹേ മനുഷ്യ നീ എന്തിനാണ് എന്നെയീക്കാട്ടിൽ നിന്ന് വേർപെടുത്തുന്നത് ? ഞാൻ എന്തു തെറ്റാണ് ചെയ്തത്? എന്ന് മുള ചോദിച്ചു.ഇടയൻ വിചാരിച്ചു. ഇവനോടൊന്നും പറഞ്ഞിട്ട് കാര്യമില്ല .പിന്നീട് ഇവനെല്ലാം മനസ്സിലാകും . അവൻ ഓടക്കുഴലുണ്ടാക്കാൻ തുടങ്ങി. മുള പറഞ്ഞു വിടടാ എന്നെ. നിന്നെഞാൻ കാണിച്ചു തരാം .ഇടയൻ ഓടക്കുഴൽ വായിക്കാൻ തുടങ്ങി.ഓടക്കുഴൽ പറഞ്ഞു ഇത്ര സുന്ദരമായ ശബ്ദം എനിക്ക്പുറപ്പെടുവിക്കാനാകുമോ?.എനിക്ക് സന്തോഷമായി.

# ബഹിരാകാശത്തിലെ രക്തസാക്ഷി

ലൈക എന്ന നായയാണ് ആദ്യമായി ബഹിരാകാശത്തിൽ എത്തിയ ജീവി. 1957–ൽ എത്തിയ ജീവി. നവംബർ 3–ന് റഷ്യൻ ബഹിരാകാശ പേടകമായ സ്പുട്നിക് രണ്ടിലാണ് ലൈക പറന്നുയർന്നത്.163 ദിവസം പേടകം ഭൂമിയെ വലം വെച്ചു. ഇതിനിടയിൽ ലൈക മരിച്ചിരുന്നു. 1958 ഏപ്രിൽ 14–ന് ഭൂമിയുടെ അന്തരീക്ഷത്തിൽ  പ്രവേശിക്കുമ്പോൾ പേടകം തീപിടിച്ച് തകർന്നു. ലൈക അതിനുള്ളിൽ പത്ത് ദിവസത്തിൽ കൂടുതൽ

ജീവിച്ചിട്ടുണ്ടാവില്ലെന്നാണ് വിലയിരുത്തപ്പെടുന്നത്.

ബിന്നറ്റ് ബിനോയി

# ക്ഷമിക്കുമോ നീ

ആർത്തിരമ്പി വരുന്നു നീ

കാർമേഘമായ്,ജലധാരയായ്

വിണ്ണിൽനിന്നു മണ്ണിലേക്ക്

കുതിക്കുന്നിവൾ അശ്വമായ്.....

സുന്ദരിയായ നീയെന്തേ

രുദ്രഭാവം കൈക്കൊണ്ടു

എന്താണു നിൻ  രോഷത്തിനു

കാരണം?

കരയും പുഴയും ഒന്നായി മാറി–

യിന്നു കടലായൊകുന്നിതാ.

പ്രതിക്ഷോഭമാണോ അതോ

നിൻ പ്രതികാരമോയിത്

പച്ചപ്പട്ടുടുത്ത ഭൂമിമാതയെ

നഗ്നയാക്കി മാനവരോടുള്ള

നിൻ പകയാണോ?

ഈ പേമാരി?

ദുരിതക്കെടുതിയിൽ വലയുന്ന

ഇവരോടു ക്ഷമിക്കുമോ നീ

ഇനിയെങ്കിലും

മാപ്പു നൽകു ഒരിക്കൽ കൂടെ

അമ്മേ നീ  മാപ്പു നൽകൂ......

# കിണറ്റിലെ തവള

ഒരു തവള കുഞ്ഞായിരുന്നപ്പോൾ എങ്ങനെയോ ഒരു കിണറ്റിൽ ചെന്നു പെട്ടു.

അവിടെ കിടന്ന് അവൻ വലുതായി.

വലുതായപ്പോൾ അവന്റെ വിചാരം അവനെക്കാൾ വലിയതായി ലോകത്ത് ആരും ഇല്ലെന്നായിരുന്നു. കൂപമണ്ഡൂകമനസ്ഥിതി എന്നാണ് ആവിചാരത്തിന് നാം പറയുക.

നമ്മുടെ കൂപമണ്ഡൂകം അങ്ങനെ അഹങ്കരിച്ച് ജീവിക്കുമ്പോൾ മറ്റൊരു തവള ആകിണറ്റിൽ

വന്നപ്പെട്ടു. അവൻ ചെറുതാണ്  തവള പറഞ്ഞു.

എടാ എന്നോളം വലുതായി ലോകത്ത് ആരുമില്ല. നീ

പൂച്ചയെയും ആനയെയും കണ്ടിട്ടുണ്ടോ ?പുതിയ

തവള ചോദിച്ചു. അപ്പോൾ പഴയതവള വയറ്

വീർപ്പിച്ച് ചോദിച്ചു. ഇത്രയും ഉണ്ടോ?ഇതിലും

വലുതാണ് ആന .തവള പിന്നെയും വയറ് വീർപ്പിച്ച്

ചോദിച്ചു. ഇത്രയും വലുതാണോ? ഇങ്ങനെവീർപ്പിച്ച്

അത് ചത്തുപ്പോയി.

ഈ ലോകത്ത് നാം കാണാത്തതും

കേൾക്കാത്തതുമായ  പല കാര്യങ്ങൾ ഉണ്ട് .

എന്ന സത്യം നാം മനസ്സിലാക്കി എളിമയോടെ

പെരുമാറണം.

എലിസബത്ത്  മാത്യു

# ലോകം ഏറ്റവും വലുതും ചെറുതു

ഏറ്റവും വലിയ ഭൂഖണ്ഡം:ഏഷ്യ

ഏറ്റവും ചെറിയ ഭൂഖണ്ഡം : ആസ്ട്രേലിയ

ഏറ്റവും ചെറിയ രാജ്യം : വത്തിക്കാൻ

ഏറ്റവും വലിയ രാജ്യം : റഷ്യ

ഏറ്റവും വലിയ ദ്വീപ് :ഗ്രീൻലാന്റ്

ഏറ്റവും വലിയ ദ്വീപ്സമൂഹം : ഇന്തൊനീഷ്യ

ഏറ്റവും വലിയ നദി :ആമസോൺ

ഏറ്റവും നീളം കൂടിയ നദി :നൈൽ

ഏറ്റവും വേഗത കൂടിയ മൃഗം : പുള്ളിപുലി

ഏറ്റവും വേഗതയുള്ള ജീവി :ഫാൽക്കൺ

ഏറ്റവും ഉയരം കൂടിയ മൃഗം :ജിറാഫ്

ജ്വാല


ഏറ്റവും വലിയ പുഷ്പം :റഫ്ളേഷ്യ

ഏറ്റവും വലിയ പക്ഷി :ഒട്ടകപ്പക്ഷിഏറ്റവും

ഏറ്റവും വലിയ കൊട്ടാരം :ഇംപീരിയൽപാലസ്

വിശാഖ് വിമലൻ

# പുസ്തകം



പുസ്തക താളുകളിൽ

ഒളിഞ്ഞിരിക്കും

അക്ഷരക്കൂട്ടുകൾ

മലയാളം

മലയാളി തൻ മലയാളം....

ആൻജെലോ

# ബഹിരാകാശം

ഉയർന്നു വാനോളം അറിവുമായ്

നാമും നമ്മുടെ ജീവിതവും

ഉണർന്നു നാം ആകാശവോളം

കടന്നു കടമ്പകളെയും

താരങ്ങൾ തോറും നാം നാട്ടി ത്രിവർണ്ണ പതാക

ഒരു കടയായ്,തണലായ്

ഒരു വർണ്ണശലഭത്തെപ്പോലേ

ഒരു ചെറു പുഞ്ചിരി പൊഴിച്ച്

ഏഴ് വർണ്ണങ്ങളാൽ അഴകു വിടർത്തി

നിൽക്കുന്ന നമ്മുടെ  ബഹിരാകാശം

വർണ്ണം വിരിയും നിൻ  ചാരുതയിൽ

അലിഞ്ഞു നിൽക്കും

സൂര്യനക്ഷത്ര ഗണങ്ങൾ

പ്രപഞ്ചരഹസ്യങ്ങൾ മറയ്ക്കുന്ന

അറിവിൻ ചക്രവാളമേ

നിനക്കെന്റെ പ്രണാമം.....

ത്രേസ്യാമ്മ കുര്യൻ

# ചെവിയിൽ പറയുന്ന കാര്യങ്ങൾ


ലോകാവസാനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട്

മരത്തണലിൽ വിശ്രമിക്കുകയായിരുന്നു മുയൽ.

പെട്ടെന്ന്

അതിഭീകരമായ

ഒരു ശബ്ദം.അവൻ



ജീവനുംകൊണ്ടോടി"ഭൂമി പിളരുന്നേ !ഓടി

രക്ഷപ്പെട്ടോളൂ !" മുയൽ

വിളിച്ചുകൂവി.മിനിറ്റുകൾക്കുള്ളിൽ വന്യമൃഗങ്ങളെല്ലാം

പരിഭ്രാന്തരായി ഓട്ടം

തുടങ്ങി .കുന്നിൻമുകളിലിരുന്ന സിംഹരാജൻ തന്റെ

പക്കലേക്ക് ഓടി വരുന്ന മൃഗങ്ങളോടു ചോദിച്ചു."എന്താണു കാര്യം?" "ഭൂമി പിളരുകയാണ്'', അടുത്തൊരു പാറപ്പുറത്തുവന്നിരുന്ന പനംതത്ത പറഞ്ഞു . "ആരു പറഞ്ഞു ഭൂമി പിളരുകയാണെന്ന്?"സിംഹം വീണ്ടും ചോദിച്ചു.കുരങ്ങന്മാർ പറഞ്ഞാണ്ഞാൻ കേട്ടത് ,പനംതത്ത പറഞ്ഞു .സിംഹം കുരങ്ങന്മാരോടു വിശദീകരണം തേടി.അവർ പറഞ്ഞു;''കടുവകളാണ് ഞങ്ങളോട് പറഞ്ഞത്."സിംഹം കടുവകളുടെ നേരെ നോക്കി.''ആനകളാണ് ഞങ്ങളെ വിവരമറിയിച്ചത്,"കടുവകൾ പറഞ്ഞു. അതുകേട്ട ആനകൾ പറഞ്ഞു;''മുയലുകളാണ് ഇക്കാര്യം ആദ്യം ഞങ്ങളോടു പറഞ്ഞത്.വാർത്തയുടെ ഉറവിടമായിരുന്ന മുയലിനെ കണ്ടുപിടിച്ചു സിംഹം കാര്യമന്വേഷിച്ചു.ഭൂമി പിളരുന്ന

ശബ്ദംകേട്ടതാണ്,ശബ്ദം ഞാൻ

കേട്ടതാണ്,ശബ്ദംകേട്ട സ്ഥലവും സാഹചര്യവും

മുയൽ വിശദീകരിച്ചുപറഞ്ഞപ്പോൾ സിംഹത്തിനു

കാര്യം മനസ്സിലായി. വനാതിർത്തിയിൽ

നിന്നിരുന്ന ഒരു  തെങ്ങിൽ  നിന്ന് പാറപ്പുത്തേക്ക്

ഒരു തേങ്ങവീണപ്പോഴുണ്ടായ ശബ്ദമായിരുന്നു അത്.

നോക്കണേ ,ഒരു കിംവദന്തി വരുത്തിവച്ച വിന !

ഇതുപോലെ വ്യക്തികളെയും സമൂഹങ്ങളെയും

സ്ഥാപനങ്ങളെയുമൊക്കെ സംബന്ധിച്ച് പലപ്പോഴും

ഏതെല്ലാം തരത്തിലുള്ള കഥകളും

കെട്ടുകഥകളുമാണ് നമ്മുടെ ഇടയിൽ

പ്രചരിക്കുന്നത്.യാതൊരു

അടിസ്ഥാനവുമില്ലാതെചിലർ

നുണക്കഥകൾപറഞ്ഞുപരത്തും.

അർച്ചന ഷാജി

## തീയാട്ട്



തീയാട്ട്

രണ്ടുതരമുണ്ട്

•അയ്യപ്പൻ

തീന്തീയാട്ടുംഭദ്രകാളിത്തീയാട്ടും

•ശാസ്താവിന്റേയുംഭദ്രകാളിയുടേയുംആരാധനാലയങ്ങളിലാണ് ഇവ നടത്താറുള്ളത്.നമ്പൂതിരി,തീയാട്ടുണ്ണികൾ എന്നിവരുടെ ഗൃഹത്തിലും കൊട്ടാരങ്ങളിലും ഭദ്രകാളിത്തീയാട്ട് നടത്താറുണ്ട്.ഉച്ചപ്പാട്ട് കളംപാട്ട്,സ്തുതിപ്പാട്ട്,കഥാഗാനങ്ങൾ എന്നിവ രണ്ടുതരം തീയാട്ടിലും പാടുന്നു.

അർച്ചന ഷാജി

# സ്വപ്നദൂരം

മലയാള നാടേ വന്ദനം

പാടുവാനൊരു ജന്മം

നൽകിയതിനൊരു പ്രണാമം

ഓരോ മഞ്ഞിലും മഴയിലും

നെഞ്ചകം പിളർത്തി

ചുടു ചോരയിൽ അമൃതു

ചാലിച്ചു നൽകിയ സ്നേഹ

ധരണിയാം കന്യക

ജോമറ്റ് ജോയി

# മുതലയും കുറുക്കനും



മുതലയും ആമയും

കൂട്ടുകാരായിരുന്നു

ഒരിക്കൽ മുതലയ്ക്ക് കുറുക്കന്റെ

ഇറച്ചി കഴിക്കാൻ തോന്നി.

ആമ ഒരു കുറുക്കനെ കൊണ്ടുവന്നു അതിനോട്

പറഞ്ഞു. ചത്ത മുതലയെ കഴിക്കാൻ വേണമെങ്കിൽ

ഈ കുളത്തിൽ

ഒരു ചത്ത മുതലയുണ്ട്.കുറുക്കൻ അത്

സത്യമാണന്നോർത്ത് കുളത്തിൽ ഇറങ്ങി.

കുറുക്കൻ ചോദിച്ചു ചത്ത മുതലയാണെങ്കിൽ

ഇത് വാലാട്ടുമല്ലോ ഇത്

വാലാട്ടുന്നില്ലല്ലോ.കുറുക്കന് തന്നെ പറ്റിക്കുവാണെന്ന്

മനസ്സിലായി.മുതല പതിയെ വാലാട്ടാൻ

തുടങ്ങി.കുറുക്കൻ

കരയിൽ കയറി പറഞ്ഞു. നിങ്ങളെന്നെ

പറ്റിക്കുവാണന്ന് എനിക്ക് മനസ്സിലായി. ഇപ്പം

ഞാൻ നിങ്ങളെ വെറുതെ വിടുന്നു. അതിൽ പിന്നെ

അവർ ആരെയും ഉപദ്രവിക്കില്ലന്ന്തീരുമാനിച്ചു.

എലിസബത്ത് മാത്യു

# കുഞ്ഞുണ്ണിമാഷ്



കുഞ്ഞുങ്ങളെ ഏറെ

ഇഷ്ടമാണന്നെ...

കുഞ്ഞുമനസ്സാണന്നെ...

കുട്ടികുറുമ്പുകൾ ഏറെ

കാട്ടുമെന്നേ....

കുഞ്ഞുമാഷാണന്നെ...

കുഞ്ഞുണ്ണി മാഷെന്ന

പേരുതന്നെ...

മിന്നു മരിയ

# എഴുത്തച്ഛൻ



എഴുതുമ്പോൾ

എഴുത്ത് അച്ഛനായും

അച്ഛൻ എഴുത്തായും

മാറുന്നതിൻ രഹസ്യത്തിൻ

ചുരുളഴിയുന്നില്ല...

മിന്നു മരിയ

# നിഴലിനാശ

നിഴലിനാശ....അവകാശവും

നിഴലുമോഹിക്കുന്ന വെളിച്ചമെ

ഒരു മാത്ര നിന്നെ കാണുവാൻ

ഒരു വേള നിന്നെ പുണരുവാൻ

ളുവൽ പ്രകാശത്തിൻ മധുരം

നുണഞ്ഞതിലലിയാൻ

മുന്നിൽ നീയെത്തുമ്പോൾ പിന്നിലായ്

മറഞ്ഞിരുന്ന കൗശലം കാണിച്ചും

പിന്നെ നീ പിന്നിലെത്തിയാൽ

മുന്നിൽ തെളിഞ്ഞു നടന്നും

നിഴലിനറിയുന്നൊരു സത്യമുണ്ട്

വെളിച്ചം നിഴലിനപ്രാപ്യമെന്ന്

**നന്ദിപൂർവ്വം.......**

**ജ്വാല ഡിജിറ്റൽ മാഗസിൻ**

**നിർമാണത്തിൽ സഹകരണവും പ്രോത്സാഹനവും**

**നൽകിയ എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും**

**നന്ദിയുടെ നറുമലരുകൾ........**